# ഗവ. ജെ ബി എസ്
## കീഴ്‌വന്മഴി

# അക്കാദമിക് മാസ്റ്റർപ്ലാൻ

2025 - 2026

| അധ്യായം | ഉള്ളടക്കം |
|---|---|
| 1 | ആമുഖം. |
| 2 | പൊതുലക്ഷ്യങ്ങൾ. |
| 3 | സ്കൂൾ ചരിത്രം. |
| 4 | സ്കൂൾ മികവിന്റെ കാഴ്ചപ്പാട് |
| 5 | പ്രശ്നങ്ങൾ വെല്ലുവിളികൾ. |
| 6 | അവലോകനം വിശകലനം |

പ്രവർത്തനങ്ങൾ.

* സമഗ്ര ഗുണമേന്മാ പദ്ധതി
1. ഒന്നൊരുക്കം. (വിദ്യാപ്രവേശ്)
2. ഇഷ്ടനാളുകളായി ഒന്നു ചേരാം
* അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം.
* അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്
* അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം
* അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രപഠനം
* കലാ-കായിക പഠനം.
* ഹിന്ദി പഠനം.
* IT പഠനം.
* പാഠ്യേതര പ്രവർത്തനങ്ങൾ.
* ഭൗതിക സാഹചര്യം.
* ഉപസംഹാരം

# ആമുഖം.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർ-
ത്തി മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാവിഭാഗം
കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ
ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽകണ്ടു-
കൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പഠന-
പ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ
ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടിക-
ളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം
ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. കോവി-
ഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക
വൈജ്ഞാനിക-പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ
മുൻനിരയിൽ എത്തിക്കുക- പഠനവിടവുകൾ നികത്തുക,
എന്നതും പദ്ധതിയുടെ പ്രധാനലക്ഷ്യമാണ്. പ്രത്യേക
പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി
അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും
അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി-
യിരിക്കുന്നു. സുരക്ഷിതവും ഗുണപ്രദവുമായ പഠനസാഹച-
ര്യവും ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദവുമായ
ഉപയോഗത്തിലൂടെ ഉയർന്ന നിലവാരത്തിലുള്ള അക്കാദ-
ഭൗതിക സംവിധാനങ്ങൾ ഉറപ്പുവരുത്തി, ലഭ്യമായ സൗക-
ര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു
വിദ്യാലയം മികവുറ്റതാകുന്നു.

# പ്രവേശിക.

കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷം ~~അധ്യയന വർഷത്തെ~~ അക്കാദമിക മാസ്റ്റർ പ്ലാൻ (2025- 2026.) അധ്യാപകർ ചേർന്ന് എഴുതിത്തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസ ഗുണതയും തുല്യതയും എന്ന പൊതു പ്രമേയത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സഹായകമായ അനുഭവങ്ങളും ആശയങ്ങളുമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അക്കാദമികരംഗത്ത് ഗവേഷണാത്മകമായി ഇടപെടുന്ന അധ്യാപകരെയും വിദ്യാലയങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യഘടകം തന്നെയാണ്. പ്രായോഗികമായി അന്വേഷണങ്ങൾ നടത്തുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളാണ് മികവിന്റെ പാതയിലേക്കുന്നവർ. ഇത്തരം അനുഭവങ്ങൾ പങ്കിടുന്നതിനും വ്യാപിപ്പിക്കുന്നതിനും ഒരുക്കുന്നതിനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഹെഡ്മിസ്ട്രസ്.

# ലക്ഷ്യങ്ങൾ

1 പ്രീപ്രൈമറി മുതൽ 4 വരെയുള്ള ക്ലാസുകളിൽ 30കുട്ടികൾ വീതമുള്ള ക്ലാസ്മുറികളായി മാറ്റുക.

2. എല്ലാ കുട്ടികളും എല്ലാ പഠനലക്ഷ്യങ്ങളും നേടി എന്ന് ഉറപ്പുവരുത്തുക.

3. ഓരോ കുട്ടികളുടെയും കഴിവ് കണ്ടെത്തി പരമാവധി പ്രോത്സാഹിപ്പിക്കുക.

* ഭാഷാപഠനം -
  - ഇംഗ്ലീഷ്
  - മലയാളം.
* ഗണിതം. ഹിന്ദി
* ശാസ്ത്രം.
* I.T. യിൽ ഉള്ള നൈപുണി
* കലാകായിക പഠന പ്രകടനങ്ങൾ
* ചിത്രരചന.
* വായനാനൈപുണി - ലൈബ്രറി.

ആത്മപ്രകടനം - ആത്മബോധം.

4. സ്കൂളിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും സമൂഹത്തെ ബോധ്യപ്പെടുത്തുക.

ക്ലാസ് PTA, Cames PTA, വിദ്യാഭ്യാസ വികസനസമിതി യോഗം, മാധ്യമ പരസ്യങ്ങൾ.

5. എല്ലാ കുട്ടികളും ആത്മവിശ്വാസത്തോടുകൂടി ജീവിക്കാൻ പര്യാപ്തമാകുന്ന ഗൃഹാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഉണ്ടാക്കുക.

6. മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ - സമൂഹത്തെ ആകർഷിക്കുന്നു.

7 ആകർഷകമായ സ്കൂൾ അന്തരീക്ഷം ഒരുക്കുക.

സ്കൂൾ വികസന സമിതി വഴി ഫലവൃക്ഷത്തൈകൾ ~~ഫലവൃക്ഷത്തൈ~~കൾ നട്ടുപിടിപ്പിക്കുന്നു.

ഓരോ കുട്ടിയും ഇത്തരം ഫലവൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നു.

8. ഔഷധത്തോട്ടം നിർമ്മിക്കുന്നു

9. ശലഭോദ്യാനം വികസിപ്പിക്കൽ.

10. നിർമ്മിതികളെ കുട്ടികൾക്കും ചെയ്തു ചെയ്യുന്നിടത്താണ് പഠനം പ്രയോജനമാകുന്നത്. കാഴ്ചപരിമിതരായ വിദ്യാർത്ഥികൾക്ക് വേണ്ടി പഠനത്തെ പിന്തുണക്കുന്നതിന് വേണ്ടി അത്യാധുനിക ലാമ്പ് സൗകര്യങ്ങൾ സജ്ജീകരിക്കുന്നു -

* റീഡിങ് ലാമ്പ്.
* ഹാൻഡ് ലാമ്പ്.
* ടാക്ടൈൽ ബുക്കുകൾ.
* കമ്പ്യൂട്ടർ ലാമ്പ്.
* ബ്രെയിൽ ലിപി. തുടങ്ങിയവ.

11. എല്ലാ കുട്ടികൾക്കും പ്രാഥമികജ്ഞാനം കഴിവും ഉറപ്പാക്കുന്നു.

12. ശാരീരികവും മാനസികവും വൈകാരികവുമായ മാറ്റങ്ങളെ ഉൾക്കൊണ്ട് അവരിൽ ആത്മവിശ്വാസം വളർത്തുക.

13. ദിനാചരണങ്ങളും സഹവാസക്യാമ്പുകളും.
പഠനയാത്ര പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്നു.

14. പൊതുവിദ്യാലയങ്ങളുടെ ജനസമ്മതി വർദ്ധിപ്പിക്കുക.

* പ്രാദേശിക - സാംസ്കാരിക - സന്നദ്ധസംഘടനകളെ വിദ്യാലയത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

15. എല്ലാ ക്ലാസിലെയും പഠനപ്രവർത്തനങ്ങൾ ലിങ്ക് ദൃശ്യ ചിത്രസാധ്യത വർദ്ധിപ്പിക്കൽ.

* ഒരു ചിത്രം കാണുന്ന കുട്ടിക്ക് മനസ്സിൽ ആഴ്ന്നിറങ്ങുന്നു.
* - സ്വപ്നം കാണുവാനും മനസ്സും സൗന്ദര്യാത്മകത നിറയുന്ന കാഴ്ചയും പ്രകൃതിയെ അറിയാനും ജിജ്ഞാസയും രൂപപ്പെടുന്നു

# സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ, പാണ്ടനാട് പഞ്ചായത്തിലെ ആദ്യന്തൂർ എന്ന സ്ഥലത്തിന് അഭിമാനമായി ഗവ. ജെ. ബി. എസ് എന്ന വിദ്യാലയ മുത്തശ്ശി കീഴ്‌വൻമഴിയിൽ നിലകൊള്ളുന്നു. ഈ വിദ്യാലയ മുത്തശ്ശിക്ക് 125 വർഷം പഴക്കമുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് നിലവിൽ വന്ന ഈ സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ചെറുകോലപ്പാറക്കൽ (ശ്രീ. ജോർജ്) സാർ ആയിരുന്നു. ആദ്യനാളിൽ ഓലഷെഡിൽ ആയിരുന്നു ഈ സ്കൂളിന്റെ പ്രവർത്തനം. 1970-ൽ ആണ് ഇപ്പോൾ വിദ്യാലയം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥാപിതമായത്. വിദ്യാലയത്തിന്റെ ആരംഭകാലത്ത് 1 മുതൽ 4 വരെയുള്ള ക്ലാസുകളിലായി 4 ഡിവിഷനുകൾ വീതമുണ്ടായിരുന്നു. സമൂഹ വിഭാഗങ്ങളിലും പെട്ട വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തിയിരുന്നു. ഈ വിദ്യാലയത്തിൽ പഠനം നടത്തിയവരിൽ പലരും ഇന്ന് ഉന്നത പദവികൾ അലങ്കരിക്കുന്നു. വളരെ ശ്രേഷ്ഠപാരമ്പര്യമുണ്ടായിരുന്ന ഒരു വിദ്യാലയമാണിത്. കാലാകാലങ്ങളിൽ ഈ വിദ്യാലയത്തിന് ലഭ്യമായ സാമ്പത്തിക സാമൂഹ്യ സഹായ സഹകരണങ്ങൾ ഏറെ ഭംഗിയായി പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

ഓരോ വിദ്യാലയത്തിന്റെയും അതിന്റെ ഫലപ്രദമായ ഭൗതിക ഭൗതികേതര സാഹചര്യങ്ങൾ, മാനുഷിക വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ. വിദ്യാർത്ഥികൾക്ക് സൗഹൃദപ്രദവും സുരക്ഷിതവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കാൻ ശ്രമിക്കുന്നത് ഉന്നത നിലവാരത്തിലുള്ള ആരോഗ്യ - ശുചിത്വ - സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

* Pre-primary മുതൽ 4 വരെയുള്ള ക്ലാസുകളിലെ അക്കാദമിക മികവുകളിതാ.
* കുട്ടികളുടെ ഭാഷാപരവും ഗണിത - ശാസ്ത്രപരവും - സാമൂഹ്യവുമായ പുനരാവർത്തനങ്ങളിലൂടെയുള്ള പഠനമാണ് ഈ സ്കൂളിൽ കാഴ്ചവെയ്ക്കുന്നത്.
* ഓരോ കുട്ടികളുടെയും കഴിവ് കണ്ടെത്തി പരമാവധി ഉയർത്താൻ സഹായിക്കുന്നു.
* സ്കൂളിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി Class PTA, 'പഠനോത്സവം' എന്നിവ സംഘടിപ്പിക്കുന്നു.
  - ക്ലാസ് PTA -
  - ബോധവത്കരണക്ലാസുകൾ.
  - ഭവന സന്ദർശനം.
  - പഠനയാത്ര.

* ശാസ്ത്രം - ഗണിതം - സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലും പരീക്ഷണങ്ങളും നല്ല പ്രദർശനം കാഴ്ച വെക്കുകയും - വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കെടുത്ത് ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു. Still model, Working model, On the spot Competitions, Paintings

2023-24 - അധ്യയനവർഷം ഉപജില്ലയിൽ നടന്നിരുന്ന ദേശഭക്തിഗാനം. കവിതാലാപനം. എന്നീ വിവിധ വിഷയങ്ങളിൽ മത്സരിക്കുകയും ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.

ക്വിസ്, പദ്യപാരായണം എന്നീ മത്സരങ്ങളിൽ 4-ാം ക്ലാസിൽ പഠിക്കുന്ന (2023-24) ദേവനന്ദ R, ഗോപിക പ്രദീപ് എന്നീ കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങൾ ഈ സ്കൂളിന്റെ അഭിമാനമാണ്.

* പ്രീപ്രൈമറി മുതൽ 4-ാം ക്ലാസുവരെ ക്ലാസ്സ് കുട്ടികൾക്ക് ഉച്ചക്ക് എല്ലാവരെയും എഴുത്തും വായനയും വിദ്യ പഠിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

* എല്ലാദിവസവും അസംബ്ലി - ക്ലാസടിസ്ഥാനത്തിൽ നടത്തുന്നു - ഇംഗ്ലീഷ് - മലയാളം അസംബ്ലികൾ: അസംബ്ലി - LKG മുതൽ 4 വരെയുള്ള class-ലെ കുട്ടികൾ കൃത്യമായി Assembly നടത്തുന്നു -

* ദിനാചരണങ്ങൾ - അതുമായി ബന്ധപ്പെട്ട പരിപാടികൾ - ക്വിസ് പ്രോഗ്രാം നടത്തുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഓണം, ക്രിസ്മസ് നബിദിനം, റംസാൻ, തുടങ്ങിയ ആഘോഷങ്ങൾ അതിന്റെ ചരിത്രവും സംസ്കാരവും ഉൾക്കൊണ്ടുകൊണ്ട് നടത്തുന്നു.

* വിദ്യാലയ മികവിൽ ഏറ്റവും എടുത്ത് പറയാവുന്ന ഒന്നാണ് LSS സ്കോളർഷിപ്പ്.

→ തുടർച്ചയായി 3 വർഷങ്ങളായി നമ്മുടെ സ്കൂളിൽ നിന്നും LSS. പരീക്ഷ എഴുതിയ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞു എന്നത് ഏറ്റവും അഭിമാനകരമാണ്.

* എല്ലാ കുട്ടികൾക്കും ആത്മവിശ്വാസത്തോടുകൂടി ജീവിക്കാൻ പര്യാപ്തമാകുന്ന ഗൃഹാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഉണ്ടാക്കാൻ ശ്രമിക്കുന്നു.

* ക്ലാസ്സുകളിൽ അക്ഷരം ഉറപ്പിക്കാനും വായിക്കാനും പഠിപ്പിക്കുന്നു.

* ലൈബ്രറി പ്രവർത്തനങ്ങൾ നടത്തി - ഓരോ ക്ലാസ്സുകളിലും ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നു - ചെറുകഥകൾ, കവിതകൾ. സിലബസിനകത്ത് എന്നിവ വായിക്കാനുള്ള അവസരം നൽകുകയും - ചെയ്യുന്നു.

* സ്കൂൾ അസംബ്ലിയിൽ പത്രവായനയും, കഥാവായന, സാഹിത്യകാരെ പരിചയപ്പെടുത്തൽ, പദപരിചയം, ചിന്താവിഷയം, അഭിനയം നടത്തുകയും ചെയ്യുന്നു.
ക്ലബ്ബുകൾ ചാർട്ടുകൾ വരയ്ക്കുന്നു - ക്വിസ് ചെയ്യുന്നു -, പതിപ്പ് ഷോയിൽ ദിനാചരണങ്ങൾ നടത്തുന്നു

* സ്കൂളിൽ നിന്നും കുട്ടികളെ സബ്ജില്ല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും സമ്മാനങ്ങളും ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കി. 2022-23 - 24-25 വർഷങ്ങളിൽ ശാസ്ത്രമേളയിൽ നമ്മുടെ കുട്ടികൾ എല്ലാ മത്സരങ്ങളിലും പങ്കെടുക്കുകയും നല്ല പ്രകടനം കാഴ്ചവെച്ച് നല്ല ഗ്രേഡുകളും വാങ്ങി.

# സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ

1. സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തത്.
2. വിദ്യാലയ-പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടി, ഫിസിയോതെറാപ്പി സെന്റർ.
3. ചുറ്റുമതിൽ ഇല്ലാത്തതിനാൽ സ്കൂൾ കോമ്പൗണ്ടിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം, നായ്ക്കളുടെ ശല്യം, കൃഷികൾ നശിപ്പിക്കുന്നത്.
4. സാമ്പത്തിക ഭദ്രതയുള്ള വീടുകളിലെ കുട്ടികൾ അൺ-എയ്ഡഡ് സ്കൂളുകളിൽ ചേർക്കുന്നതിനാൽ അഡ്മിഷൻ കുറയുന്നു..
5. രക്ഷിതാക്കൾക്ക് ഗവൺമെന്റ് സ്കൂളുകളെക്കുറിച്ചുള്ള തെറ്റായ ധാരണ.
6. ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
7. വിദ്യാലയത്തിന് ആകർഷണീയത ഇല്ല.
8. സ്കൂൾ അങ്കണത്തിലെ ചിൽഡ്രൻസ് പാർക്ക് ഇല്ലാത്തത്..
9. കൊച്ചുകുട്ടികൾക്ക് കളി ഉപകരണങ്ങളുടെ അഭാവം
10. കലാ-കായിക അദ്ധ്യാപകരുടെ അഭാവം..
11. കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലം ഇല്ലാത്തത്:
12. സ്കൂൾ program-കൾ നടത്താൻ ഒരു ഓഡിറ്റോറിയം ഇല്ലാത്തത്.
13. പ്രീ-പ്രൈമറി സർക്കാർ അംഗീകാരം ലഭിക്കാത്തത്

# വിദ്യാലയ ഭൗതിക അന്തരീക്ഷം.

| വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ആവശ്യത്തിന് ക്ലാസ് മുറി | ഇല്ല | 3 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് | - |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് | - |
| കുടിവെള്ള സൗകര്യം | ഉണ്ട് | - |
| പ്രഥമാധ്യാപിക മുറി | ഉണ്ട് | ഓഫീസ് മുറി |
| ചുറ്റുമതിൽ | ഭാഗികം | വേണം (പൂർണ്ണമായും) |
| കളിസ്ഥലം | ഇല്ല | വേണം |
| റാമ്പ് വിത്ത് ഹാൻഡ്‌റെയിൽ | ഉണ്ട് | - |
| അടുക്കള / ഭക്ഷണശാല | ശോചനീയം | വേണം |
| സ്മാർട്ട് ക്ലാസ് മുറി 1 | ഉണ്ട് | ക്ലാസ് മുറികൾ - സ്മാർട്ട് ക്ലാസ് റൂം - വേണം |
| കുട്ടികൾക്ക് കൈ കഴുകുവാനുള്ള സൗകര്യം | ഉണ്ട് | - |
| ലൈബ്രറി | ഉണ്ട് | ലൈബ്രറിയിൽ റാക്കുകൾ വേണം |
| ശുചിമുറി (അധ്യാപകർ) | ഉണ്ട് | - |
| ലാബുകൾ - വിഷയാടിസ്ഥാനത്തിൽ | ഇല്ല | വേണം |

വിദ്യാലയ വികസനത്തിന് ഇനിയും നടത്താവുന്ന പ്രവർത്തനങ്ങൾ.

| ക്രമ നമ്പർ | മേഖലകൾ | പ്രവർത്തനങ്ങൾ. |
|---|---|---|
| 1. | സ്കൂൾ കെട്ടിടം | ക്ലാസ് ശിശുസൗഹൃദവും ഹൈടെക്കും ആക്കുക. |
| 2. | മുറ്റം | ജൈവ വൈവിദ്യ പാർക്ക്. ജൈവ കൃഷി പൂന്തോട്ടം, പാർക്ക്, പച്ചക്കറി കൃഷി |
| 3. | ചുമരിൽ. | ചുമരിൽ നിർമ്മിക്കുക. ആകർഷകമായരീതിയിൽ പെയിന്റ് ചെയ്യുക. |
| 4. | കമ്പ്യൂട്ടർ ലാബ്. | കമ്പ്യൂട്ടർ ലാബ് പ്രത്യേകം പണിയുക. |
| 5. | സ്മാർട്ട് ക്ലാസ്സും. | ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുക |
| 6. | ടോയ്‌ലറ്റ് | അഡാപ്റ്റഡ് ശിശുസൗഹൃദ ടോയ്‌ലറ്റ് |
| 7. | ലാബുകൾ. | വിഷയാടിസ്ഥാനത്തിൽ ലാബുകൾ നിർമ്മിക്കുക. |
| 8 | കളിസ്ഥലം | കുട്ടികൾക്ക് കളിസ്ഥലം നിർമ്മിക്കുക |
| 9. | മിനി ഓഡിറ്റോറിയം | സ്കൂൾ പരിപാടികൾ നടത്താൻ ഓഡിറ്റോറിയം നിർമ്മിക്കുക. |

## അദ്ധ്യാപകർ

| വിഭാഗം | നിലവിൽ സ്ഥിരം | താൽക്കാലികം | ലഭിക്കാനുള്ളത് |
|---|---|---|---|
| LPST | 4 HM ഉൾപ്പെടെ. | 1 Pre-Primary. | 1. Pre-Primary. |
| PTCM. | 1. | - | - |

ഭൗതിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ:-

| വിഭാഗം. | നിലവിലെ അവസ്ഥ. |
|---|---|
| എസ്. ആർ. ജി. | ഉണ്ട്. |
| പി. ടി. എ. | ഉണ്ട്. |
| എം. പി. ടി. എ. | ഉണ്ട്. |
| സ്കൂൾ വികസനസമിതി. | ഉണ്ട്. |
| നൂൺ ഫീഡിംഗ് കമ്മറ്റി | ഉണ്ട്. |
| ലൈബ്രറി. | ഉണ്ട്. |
| ക്ലബ്ബ് പ്രവർത്തനങ്ങൾ. | ഉണ്ട്. |
| ലാബ്. | ഇല്ല. |

## അദ്ധ്യാപകർ.

| വിഭാഗം. | നിലവിൽ സ്ഥിരം | താത്കാലികം | ഒഴിവുള്ളത് |
|---|---|---|---|
| HM. | ഉണ്ട്. | ഇല്ല. | - |
| LPST. | 3, ഉണ്ട് | ഇല്ല | - |
| PTCM. | 1, ഉണ്ട് | ഇല്ല | - |

## കുട്ടികൾ

| ക്ലാസ്സ് | ആൺ | പെൺ | ആകെ | അദ്ധ്യാപകർ. |
|---|---|---|---|---|
| I | 3 | 7 | 10 | തനൂജ വി.വി |
| II | 3 | 4 | 7 | റിജമോൾ ആർ. |
| III | 4 | 5 | 9 | രേഷ്മ ടി. സി |
| IV | 5 | 9 | 14 | ഷിജ യു. |

# പ്രോജക്ട് - മലയാളം

ഭാഷാപരമായ വിനോദങ്ങൾ വഴി പരിഹാരത്തിൽ വായനക്കാരൻ എഴുത്തുകാരൻ (വിദ്യാരംഭം)

വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനക്കൂടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കുവാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക. ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി വിദ്യാലയം നിൽക്കുന്ന വരെ കൂടി മുൽയാനത്തിൽ ഉണർത്തി വായനയും എഴുത്തും ഒരു നവ്യ അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ - ചൈതന്യമാക്കി മാറ്റുവാനുള്ള ശ്രമം. സംരംഭം 2025-26 അധ്യയന വർഷം ബി. ആർ. സി യുടെ എസ്. സി. ഇ. ആർ. ടി യുടെയും സഹകരണത്തോടെ ഉദ്ദേശിക്കുന്ന ഒരു പ്രോജക്ട്

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മ വായന.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം.
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ആസ്വാദനാത്മകമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ ശേഖരിക്കുക, വികസിപ്പിക്കുക

| Sl No. | Programme | Activity | Duration | ഭൗതികം | ഏജൻസി | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| | | ചാർട്ട് തയ്യാറാക്കൽ<br>8 സർഗാത്മക സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9 [illegible] - മോണിറ്ററിംഗ്<br>10 വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11 ബാലസഭ<br>12 പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13 വ്യക്തിഗത രചന സംഘരചന<br>14 ഭാഷാ പ്രോജക്ട്<br>15 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16 സ്കൂൾ പത്രം<br>17 രചയിതാക്കളെ പരിചയപ്പെടൽ<br>18 സാഹിത്യസാംസ്കാരിക ചിത്രഗാലറി<br>19 ഭാഷാലാബ് | | ജീവചരിത്ര പുസ്തകങ്ങൾ.<br>ഓഡിറ്റോറിയം<br>പുസ്തകങ്ങൾ | BRC<br>ഗ്രാമസഭ. | 75000 |

| S No | Programme | Activity | Duration | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 9 | | 9 വായനാനുഭവം പങ്കുവയ്ക്കൽ<br>10 വായനാക്കുറിപ്പ് പതിപ്പ്<br>11 വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം ക്ലാസ് തലം<br>12 സ്കൂൾ സർഗ്ഗോത്സവങ്ങൾ<br>13 ദിനാചരണങ്ങൾ<br>14 ആകാശവാണിക്ലബ്ബ്<br>15 സാഹിത്യകാരൻ<br>16 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17 ആസ്വാദന ഭാഷ വായന<br>18 വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19 ഇ-വായനാസാമഗ്രികൾ<br>20 പുസ്തകത്തൊട്ടിൽ<br>21 വായനാക്കൂട്ടം മോണിറ്ററിംഗ്<br>22 കാവ്യക്കൂട്ടം | June 1 to Dec | ക്ലാസ് ലൈബ്രറി<br>വായനാക്കുറിപ്പുകൾ | BRC | |
| | | 1 [illegible] രൂപീകരണം<br>2 പുസ്തകചർച്ച<br>3 ക്ലാസ് ലൈബ്രറി<br>4 വായനാക്കുറിപ്പ് പതിപ്പ്<br>5 സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്-പുസ്തകം<br>6 വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ<br>7 ഇൻലന്റ്, മാഗസിൻ ചുമർപത്രിക | June to Dec. | ലൈബ്രറി<br>പുസ്തകങ്ങൾ. | BRC<br>DIET<br>SCERT<br>PTA | |

വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

- ദൃശ്യചിത്രങ്ങൾ വഴി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക
- ഇൻലന്റ് മാസിക, ചുമർ മാസിക എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ.

പ്രവർത്തനങ്ങൾ

1 പ്രീടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2 അക്ഷരം ഉറപ്പിക്കൽ (ജൂൺ മാസം)

3 ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

4 അടയാളങ്ങൾ ഉറപ്പിക്കൽ

- ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

5 അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

6 ചിത്രങ്ങൾ - അടിക്കുറിപ്പ്.
ചിത്രം നോക്കി അടിക്കുറിപ്പ് പറയിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

ചിത്രം നൽകാൻ അടിക്കുറിപ്പ് പറയിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

6 കഥ - ബാക്കി പറയൽ - എഴുതൽ.
ഒരു കഥയുടെ കുറച്ച് ഭാഗങ്ങൾ നൽകുന്നു ബാക്കി പറയിപ്പിക്കുന്നു എഴുതുന്നു.

7 കഥ - പുസ്തകം നൽകൽ

8 വായന - കുറിപ്പ് തയ്യാറാക്കൽ

8 സി.ഡി പ്രദർശനം
ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു.

9 ഭിന്നശേഷിക്കാരെ പരിഗണിക്കൽ.
ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാഠങ്ങൾ, ഐ.ഇ.ഡി അധ്യാപകരുടെ സേവനം.

10 ക്ലാസ്സ് വായനമൂല രൂപീകരിക്കൽ.
ക്ലാസിലെ മുഴുവൻ കുട്ടികളെയും ഗ്രൂപ്പാക്കുന്നു. ഒരു പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം ഉണ്ടാകണം തെരഞ്ഞെടുത്ത ചർച്ച, വായനക്കുറിപ്പ്, അസംബ്ലി, അവതരണം ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.
കുട്ടികളുടെ സഹായത്തോടെ എസ്.പി. വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12 സ്കൂൾ ലൈബ്രറി നവീകരണം.
പുസ്തക വിതരണ രജിസ്റ്റർ കൂടി ലൈബ്രറിയൻ
പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെ യുക്ത ക്രമീകരണം, പിറന്നാൾ പുസ്തകശേഖരണം.

13. സമീപ ഗ്രന്ഥശാല അംഗത്വം
ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, പിറന്നാൾ

14 വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ യോഗത്തിൽ പറയേണ്ട എല്ലാവരും സ്വന്തം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ വായിച്ച കൃതികളുടെ രംഗാവിഷ്കാരം, ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം

15 പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്തൽ, വായന - കയ്യെഴുത്ത് പത്രം തയ്യാറാക്കൽ.

16 അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കുവാനവസരം - വായനമുറി - വായനക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കണ്ടെത്തൽ, പ്രോത്സാഹനം - അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, ശിൽപശാല.

17. പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ.

വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ സന്ദേശം, കഥാപാത്ര നിരൂപണം സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കാൻ മാസത്തിൽ ഒരു ദിവസം.

18. വായനക്കുറിപ്പ്

ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു ആവശ്യമായ തിരുത്തലുകൾ നടത്തുന്നു, പതിപ്പ് പ്രകാശനം.

19 വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം.

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം, പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താൻ അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ

20. ക്ലാസ് സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം. സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിച്ച് പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിദ്ധ്യം

21. ദിനാചരണങ്ങൾ.

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22 ആകാശവാണി ക്ലബ്ബ്.

കുട്ടികളുടെ സർഗ്ഗവികാസത്തിന് വിവിധ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസുകാരെ കണ്ടെത്തൽ പ്രോത്സാഹനം.

23. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം.

സാഹിത്യവാസന മെച്ചപ്പെടുത്തൽ, കൃതികളെ അടുത്തറിയാൻ പുസ്തക രചനാ തന്ത്രങ്ങൾ അറിയാൻ കഥ, കവിതാ രൂപീകരണം മനസ്സിലാക്കൽ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.

ക്ലാസ് മുറിയിൽ സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. വായന സാമഗ്രികൾ വികസിപ്പിക്കൽ

യു. പി. കുട്ടികൾക്കായുള്ള വായന സാമഗ്രികൾ ശേഖരിക്കൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും പ്രാദേശിക എഴുത്തുകാരുടേയും അധ്യാപകരുടേയും പങ്കാളിത്തത്തോടെ രചനാ ശിൽപ്പശാല സംഘടിപ്പിക്കൽ, രചനകൾ സ്റ്റേപ്പിൾ ബൈന്റ് ബുക്ക് ഉപയോഗിക്കൽ.

26 ഇ-വായന സാധ്യത തേടൽ.

വിക്കി-പീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനക്കൂട്ടത്തിന്റേയും, എഴുത്ത് കൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോഗ് ആവിഷ്കാരം ഇ-പേപ്പറുകൾ പരിചയപ്പെടുത്തൽ. വിവിധ സൈറ്റുകൾ കവിത എന്നിവ വീഡിയോ കാണൽ.

27. വായനക്കൂട്ടം, എഴുത്ത് കൂട്ടം മോണിറ്ററിംഗ്.

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ പ്രാദേശിക സാഹിത്യകാരന്മാർ, ബി. ആർ. സി. ഡയറ്റ് അധ്യാപകർ മറ്റു സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

28. കാവ്യക്കൂട്ടം.

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ.

29 എഴുത്തുകൂട്ട ആവിഷ്കാരം.

കുട്ടികളെ ഗ്രൂപ്പാക്കി എഴുത്ത് കൂട്ടമാക്കുന്നു. വ്യക്തിഗത രചന, സംഘരചന, എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഒരു സാഹിത്യവിഭാഗത്തിൽ മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന അനുഭവക്കുറിപ്പ് പുസ്തകം.

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് രേഖപ്പെടുത്തണം. കൈമാറി കൈമാറി എല്ലാവരുടേയും രചനകളാകുമ്പോൾ അധ്യാപകരുടെ അനുഭവക്കുറിപ്പും വിലയിരുത്തൽ കുറിപ്പും ചേർത്ത് പ്രകാശനം.

31. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.

മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ തെരഞ്ഞെടുക്കാട ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലകളിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആസ്വാദനം, സംവാദം, അഭിമുഖം.

32. ഇൻലന്റ് മാസിക, ചുവർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

33. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

പാഠപ്രവർത്തനങ്ങളുമായും, വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ പതിപ്പ് - പ്രകാശനം.

34. പൊതുവേദിയിലെ പ്രകടനങ്ങൾ.

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു, അവസരം നൽകുന്നു., സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം, മേളകൾ സംഘടിപ്പിക്കൽ.

35. വ്യക്തിരചന, സംഘരചന.

കുട്ടികളുടെ സർഗശേഷി വർധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു, അവ വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

36. ഭാഷാ, പ്രോജക്ടുകൾ.

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു.

37. രചയിതാക്കളെ പരിചയപ്പെടൽ.

അസംബ്ലിയിൽ ഒരു ഇനമാക്കണം. കൃതികൾ സംഭാവന സവിശേഷത ഇവ പരിചയപ്പെടുത്തണം. കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനനമരണ ദിനാചരണവുമായി ബന്ധപ്പെടുത്തി ആഘോഷിക്കൽ ആസ്വാദനം - എസ്. കെ. പൊറ്റക്കാട്.

38. ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ

പി. ആർ. സി. ഐ. ഇ. ഡി. ടീച്ചേഴ്സ് എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ പ്രോത്സാഹനം, ഡോക്ടർമാരുടെ സേവനം.

39 സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി.

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, ചിന്തകൾ, മഹദ്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

# അക്കാദമിക പ്ലാൻ - SHORT TERM - MALAYALAM

| Sl No | Programme | Activity | Duration | [illegible] | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീടെസ്റ്റ് | June July | [illegible] CO | BRC DIET SCERT | |
| | | 2 അക്ഷരം ഉറപ്പിക്കൽ | June July | | | |
| | | 3 അടയാളം ഉറപ്പിക്കൽ | Aug Sept | | | |
| | | 4 അക്ഷരകാർഡ് നൽകൽ | Aug Sept | | | 30,000 |
| | | 5 വാക്കുകൾ എഴുതിയ കാർഡ് | Aug Sept | | | |
| | | 6 വാക്കുകൾ നിർമിക്കൽ | Aug Sept | | | |
| | | 7 വാക്യങ്ങൾ നിർമിക്കൽ | October | | | |
| | | 8 ചിത്രം നോക്കി കുറിപ്പ് | Oct Nov | | രക്ഷിതാക്കൾ | |
| | | 9. ചിത്രകഥ പറയൽ | | | | |
| | | 10. ചിത്രകഥ എഴുതൽ | | | | |
| | | 11 കഥ ബാക്കി എഴുതൽ | | | | |
| | | 12. കഥ പൂർത്തിയാക്കൽ | | | | |
| | | 13. [illegible] ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | | |
| | IED കുട്ടികൾക്ക് | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | | | IED Trainer | BRC |
| 2 | കുട്ടികളെ മികച്ച വായനക്കാരാക്കുക (വായനക്കൂട്ടം) | 1 ക്ലാസ് വായനക്കൂട്ടം. | [illegible] ജൂൺ to Dec | ക്ലാസ് ലൈബ്രറി | | |
| | | 2. വായനമൂല, ക്ലാസ് ലൈബ്രറി ഉറപ്പിക്കൽ. | | സ്കൂൾ ലൈബ്രറി | | |
| | | 3 സമീപ ഗ്രന്ഥശാല അംഗത്വം. | | ഗ്രന്ഥശാല | | |
| | | 4 വായനോത്സവം സംഘടിപ്പിക്കൽ. | | രക്ഷിതാക്കൾ | | |
| | | 5 പത്രവായന | | | | |
| | | 6 അമ്മ വായന. | | | | |
| | | 7 പുസ്തകചർച്ച. | | | | |

മാസ്റ്റർ പ്ലാൻ . ഹലോ ഇംഗ്ലീഷ്.

| Sl No | Programme | Activity | Duration | സാമഗ്രി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | മറ്റു കുറിപ്പുകളും (പ്രി) ടെസ്റ്റ് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ച് വായിക്കാനും പറയാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കാൻ | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ഒക്ടോബർ മാസം | പുസ്തകം CD | ടീച്ചർ. SRG. | 500 |
| 2 | സ്വന്തം കഥ, കവിത ലേഖനം തയ്യാറാക്കൽ | | | | ടീച്ചർ | 1000 |
| 3. | ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിലൂടെ ചോദ്യങ്ങൾ | [illegible] | ആഴ്ച തിങ്കളാഴ്ച | | | |
| 4. | 1 ദിവസം 1 വാക്ക് പരിചയപ്പെടൽ | Word of the day | എല്ലാദിവസം | പുസ്തകം | | 5000 |
| 5 | ഇംഗ്ലീഷ് ലൈബ്രറി ലഘു വായന പുസ്തകം. | Introducing verbs | Daily ജൂൺ, മാർച്ച് | പുസ്തകം CD ചിത്രം, | HM ടീച്ചർ, CD. | |
| | | ഇംഗ്ലീഷ് ന്യൂസ്, പതിപ്പുകൾ, മാസിക | നവംബർ- മാർച്ച് ഒക്ടോബർ- മാർച്ച് | ടീച്ചർ IED ലൈബ്രറി | പുസ്തകം, തോട്ടുകൾ, ചിത്രങ്ങൾ പേപ്പർ | 2000 |
| | | രചനാ ശില്പശാലകൾ ലഘു വിമർശന ലേഖനങ്ങൾ രചന, | മെയ് | ടീച്ചർ IED ടെക്നോളജി | പെൻസിൽ കാർഡ്ബോർഡുകൾ കളറുകൾ | 5000 3000 |

| Sl No. | Programme | Activity | Duration | ഉത്തരം | ഉല്പന്നം | സാമ്പത്തികം |
|---|---|---|---|---|---|---|
| | | വർക്ക് ബുക്കുകൾ. | ജൂൺ - മാർച്ച്. | Tr. | വർക്ക്ഷീറ്റ് | 500 |
| | | വിവിധതരത്തിലുള്ള പസ്സിൽസ്. | ജൂൺ - മാർച്ച് | Tr. | പസ്സിൽസ് ശേഖരം. | 500 |
| | | ഇന്റർവ്യൂ | ഒക്ടോബർ. | P.T.A | C.D, ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല. | 1000 |
| | | സ്കിറ്റ് | ഒക്ടോ - മാർച്ച് | PTA. | C.D, ഫോട്ടോകൾ | 5000 |
| | | ഭാഷാ ലാബ് | | | | |
| | | പഠനശക്തി ക്ലബ്ബുകൾ. | ഡിസംബർ - മാർച്ച് | സിഡി, ചോദ്യങ്ങൾ, ഇന്റർവ്യൂ. | | 5000. |

# മാസ്റ്റർ പ്ലാൻ ഉപമേഖല - ഗണിതം

| Sl No. | Programme | Activity | Duration | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 1 മുതൽ 4 വരെ ക്ലാസ്സുകളിലെ ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കുന്നതിനും, പഠനനേട്ടം ഉറപ്പിക്കുന്നതിനും | ഗണിതമൂല | 2 മാസം | പുസ്തകം | ടീച്ചേഴ്സ് | 5000. |
| | | ഗണിതപഠന സാമഗ്രികൾ. നിർമ്മാണ ശിൽപശാല | 3 വർഷം. | രൂപങ്ങൾ ചിത്രങ്ങൾ. | പൂർവ്വ - വിദ്യാർത്ഥികൾ | |
| | | ഗണിത ലാബ് ഗണിതത്തിൽ സെമിനാറുകൾ. പ്രോജക്ട്. | 1 വർഷം. | പേപ്പർ ചാർട്ട് പേപ്പർ. | ടീച്ചേഴ്സ് SSA | 5000. |
| | | ഗണിത അവബോധ- ക്ലാസ്സുകൾ. | | | Prs | 2500 |
| | | വർക്ക്ഷീറ്റ്സ് | | | | 50000. |
| | | ഗണിതമാസിക ഗണിത പതിപ്പുകൾ ഗണിതക്വിസ് | | | BRC. | |
| | | ഗണിതചിത്രങ്ങൾ- ഉൽപ്പന്നങ്ങൾ. | | | | 5000. |
| | | Training Programme ഉദ്ഘാടനം. | | | | 15000. |

| Sl No. | Programme | Activity | Duration | സമയം | ചുമതല | ചെലവ് തുക |
|---|---|---|---|---|---|---|
| | | 7) സ്കൂൾ ഹാൾ സജ്ജമാക്കൽ ക്ലാസ് മുറികൾ സജ്ജീകരിക്കുവാൻ കഴിയുന്ന സാമഗ്രികൾ ഉണ്ട് ക്ലാസിൽ ഉപയോഗിക്കുവാനുള്ള ... പ്രിന്ററുകൾ. | വർഷം | ജനുവരി, ജൂൺ. | SRG Trs PTA. | 15000 |
| | | 8) പരിശീലനം ലഭ്യമായ ...ത്തിലെ മറ്റ് അധ്യാപകർക്കും പകർന്നുനൽകാനവസരം. | | ആഗസ്റ്റ് മുതൽ ജൂൺ | | 5<br>50000 |
| | | (9) 1 മുതൽ 4 വരെ പരിശീലനങ്ങൾ. | വർഷം | | | |
| | | 10). ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ. | | | | |
| | | 11. ക്ലാസ് നിലവാരത്തിലുള്ള പുസ്തകം വാങ്ങൽ. കുട്ടികളെ വായിപ്പിക്കൽ | | ജനുവരി ജൂൺ മാർച്ച് | HM, Trs. SRG. | 150000. |
| | | 12 ട്രെയിനിംഗ് പ്രോഗ്രാം ... കൂടുതൽ. | | ഫെബ്രുവരി മാർച്ച്. | HM Trs, SRG. P-TA | 50,000. |
| | | 13 പഠനവിഭവ ശാല | വർഷം | ഫെബ്രുവരി. | | |
| | | 14 ഫിൻ ചിപ്പിച്ച്. | വർഷം | | | |

# മാസ്റ്റർ പ്ലാൻ- ശാസ്ത്രപഠനം.

| Sl No | Programme | Activity | Duration | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും മറ്റു ക്ലാസിലും ശാസ്ത്ര മേളയിലുമെത്തിക്കാൻ. | 1 മുതൽ 4 വരെ പഠനത്തിന് സഹായകരമായ ശാസ്ത്രമൂല ഉണ്ടാക്കിയെടുക്കുന്നതിനായ മേശ തട്ടുകൾ<br>- അസംബ്ലിയിൽ ശാസ്ത്ര ക്വിസ്. പരിപാടി നടത്തുന്നു | ജൂലൈ | പുസ്തകങ്ങൾ | ടീച്ചർ. | 10000 |
| 2. | ശാസ്ത്ര ക്ലബ്ബ്. | ആഴ്ചയിൽ ഒരിക്കൽ [illegible] വാങ്ങുന്നവ, ക്ലാസിൽ സൂക്ഷിക്കുന്നവ, [illegible] ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തുന്ന [illegible] പരീക്ഷണങ്ങൾ [illegible] ചെയ്യൽ. | ഒക്ടോബർ. | ലാബ്, ടെസ്റ്റ് | ടീച്ചേഴ്സ് SRG. | 1000. |
| 3 | (1) സാമഗ്രികൾ വാങ്ങൽ | ഒക്ടോബർ | മേയ് | HM, SRG PTA members | 1,5000. |
| | | (2) പി.ടി.എ. യോഗത്തിൽ ശാസ്ത്രമൂല സജ്ജീകരണം. [illegible] സാമഗ്രികളുടെ നിർമ്മാണ ശില്പശാല, സ്കൂൾ പഠനോപകരണ നിർമ്മാണശാല | ഒക്ടോബർ | മേയ് | PTA, HM Panchayath, IED Trainer. | 50000. |

മാസ്റ്റർ പ്ലാൻ - ഉപമേഖല കലാ കായികപഠനം.

| Sl No. | ലക്ഷ്യം. | പ്രവർത്തനം. | സമയം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കായികവും സർഗാത്മകവുമായ ശേഷികൾ പരിപോഷിപ്പിക്കുക | യോഗ. | Monday | PTA. SRG | |
| | | സുംബ | Tuesday | | |
| | | മെഡിറ്റേഷൻ. | Weekly | | |
| | | Paper craft. | Weekly. | | 2000. |
| | | സർഗവേള. | Weekly. | | |
| | | Childrens Park. | ദീർഘ കാലം | പഞ്ചായത്ത്. | 50000. |
| | പരിസ്ഥിതി സൗഹാർദ ജീവിതത്തിന്. | ജൈവ വൈവിധ്യ പാർക്ക്. | ദീർഘ കാലം | SRG, BRC. | 50000. |
| | | ഊർജ്ജ സംരക്ഷണ പ്രവർത്തനം. | ദീർഘ കാലം | സയൻസ് ക്ലബ്ബ് | 50000. |
| | | പ്ലാസ്റ്റിക് മുക്തം | " | | 25000. |
| | | പച്ചക്കറി തോട്ടം | [illegible] | സയൻസ് ക്ലബ്ബ് | 10000. |
| | | ദിനാചരണങ്ങൾ. | [illegible] കാലം. | | 10000. |
| | | പഠന യാത്രകൾ | | PTA, SRG | 25000. |
| | | ശലഭോദ്യാനം. | | | 10000. |
| | | ഔഷധ സസ്യത്തോട്ടം | | | 1000. |

## സമൂഹവുമായി ബന്ധപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

### സഹവാസ ക്യാമ്പ്

വേനലവധിക്ക് സ്കൂൾ പരിസരത്തുള്ള എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി സഹവാസക്യാമ്പ് നടത്തണം. ജ്യോതിശാസ്ത്രം, നാടൻപാട്ട്, ചിത്രരചന, കവിയരങ്ങ്, മെഡിക്കൽ ക്യാമ്പ്. പഠനോപകരണങ്ങൾ, ശില്പശാല, ക്രാഫ്റ്റ് ക്ലാസ്സ്.

### സോപ്പ് നിർമാണം.

ലോഷൻ നിർമാണം, പേപ്പർ കവർ നിർമാണം ഒഴിവു വേളയിൽ അമ്മമാർക്ക് പരിശീലനം നൽകുന്നു. ആഴ്ചയിൽ ഒരു ക്ലാസ്സ് സ്കൂളിൽ നടത്തുന്നു.

### ഭൗതിക സൗകര്യം.

ഗോൾ:- അനുയോജ്യവും ആകർഷകവുമായ ഭൗതികസൗകര്യം.

പരിഗണനകൾ.

1. ഭൗതികസാഹചര്യം സുരക്ഷിതവും സുന്ദരവുമാകണം.
2. ആരോഗ്യകരവും ശിശുകേന്ദ്രീകൃതവുമാകണം.
3. എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം പ്രതിഫലിക്കുന്നതാകണം.
4. സ്ഥായിയായ ഊർജ്ജ സ്രോതസ്സിനെ ആശ്രയിക്കുന്നതാകണം.
5. ഭാവിയിലെ വികസനങ്ങളെ ഉൾക്കൊള്ളാനാകണം.
6. അനുയോജ്യമായ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതും പ്രകൃതിക്കിണങ്ങുന്നതുമായിരിക്കണം.
7. നിലവിലുള്ളവയുടെ പുനരുപയോഗം പുനരാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകണം.
8. ലഭ്യമായ സ്ഥലവിന്യാസത്തിനനുസരിച്ച് ആയിരിക്കണം ഭൗതികമായ സാഹചര്യങ്ങൾ ഒരുക്കേണ്ടത്.

ഉപമേഖലകൾ .

ഹരിത പരിസരം .

1 ജൈവവൈവിധ്യ പാർക്ക് .
2 ഔഷധോദ്യാനം .
3 ശലഭോദ്യാനം .
4 ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യം എങ്കിലും സ്കൂളിൽ .
5 പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിങ് ഗാർഡൻ കുപ്പികൾ കവറുകൾ മുതലായവ .
6 വിഷരഹിത പച്ചക്കറി കൃഷി വീട്ടിലും വിദ്യാലയത്തിലും ജൈവ വള്ളിയിടം .
7 പ്ലാസ്റ്റിക് രഹിത വിദ്യാലയം .

സുന്ദരശുചിത്വ പരിസരം .

1 പൂന്തോട്ടം
2 ശലഭോദ്യാനം .
3 കുട്ടികൾക്ക് പാർക്ക്
4 ചുറ്റുമതിൽ
5 ആകർഷകമായ ഗേറ്റ് .
6 റോഡിൽ നിന്നും മഴവെള്ളം അകത്തേക്ക് വരാത്ത സംവിധാനം .
7 മുറ്റം, തറ, പടികൾ എല്ലാം ആകർഷകവും വൈവിധ്യപൂർണ്ണവും തറയിൽ ടൈൽസ് , ഗണിതപാഠങ്ങൾ പരിശീലിക്കാനും .
8 വിശ്രമ മരത്തണലുകൾ .
9 വിദ്യാലയ കെട്ടിടങ്ങളുടെ പുറംഭിത്തിയും , അകംഭിത്തിയും പഠന മൂല്യമുള്ളതാക്കണം .
10 . മാലിന്യ ശേഖരണ സംസ്കരണ സംവിധാനം .

സുരക്ഷിത പരിസരം .

1 പ്രധാന കവാടങ്ങളിൽ പ്രവേശന നിയന്ത്രണം - സിസിടിവി ക്യാമറ , സന്ദർശകർക്ക് രജിസ്റ്റർ .

2. അഗ്നി സുരക്ഷാ സംവിധാനങ്ങൾ.

3. മുറികളുടെ ഉള്ളം വാതിൽ പടിയിൽ സ്ഥാപിച്ചിരിക്കുന്ന ഫിക്സ് ചെയ്ത് അകത്തു നടക്കുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സഹായകമായ ക്രമീകരണങ്ങൾ.

4. പാർക്കിംഗ് ഏരിയ.

5. ശുചീകരണോപകരണങ്ങൾ സൂക്ഷിക്കാനുള്ള ഇടം.

6. ടോയ്‌ലറ്റ് ഓരോ മുറിയിലും മാതൃകാപരമായിരിക്കണം.

7. ഫസ്റ്റ് എയ്ഡ് റൂം.

D. അനുരൂപീകരിക്കപ്പെട്ട ഭൗതികസാഹചര്യം.

1. അഡാപ്റ്റഡ് ടോയ്‌ലറ്റ്, ഇരിപ്പിടങ്ങൾ, വാഷ്ബേസിനുകൾ, ബോർഡുകൾ

2. റാമ്പ്, കുട്ടികളെ പരിഗണിച്ചുള്ള സംവിധാനങ്ങൾ.

3. ലിഫ്റ്റ് കെട്ടിടങ്ങളിലും ശാരീരിക വെല്ലുവിളി ഉള്ളവരെ പരിഗണിച്ചുള്ള രീതിയിലുള്ളതായിരിക്കണം.

E. ജലസംരക്ഷണ വിതരണ സംവിധാനങ്ങൾ.

മഴവെള്ള സംഭരണി, കിണർ റീചാർജിംഗ് സംവിധാനം.

2. എല്ലാ ക്ലാസുകളിലും കുടിവെള്ള ലഭ്യത.

3. കുടിവെള്ള വിതരണത്തിനുള്ള ക്രമീകരണങ്ങൾ.

F. പോഷകാഹാര വിതരണം.

1. കാറ്റും വെളിച്ചവും കടക്കുന്ന മുറികളുള്ള അടുക്കള.

2. ബയോഗ്യാസ് പ്ലാന്റ്

3. മിക്സി, കുക്കർ, വെറ്റ് ഗ്രൈൻഡർ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ.

4. കുട്ടികൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കാനുള്ള മുറിയും ഇരിപ്പിടവുമായ സൗകര്യം.

5. ആധുനിക സൗകര്യങ്ങൾ ഉള്ള സ്റ്റോർ മുറി.

6. പ്രസിദ്ധീകരിച്ച മെനു.

## ഉപസംഹാരം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കുന്നതിനായി കുട്ടികളിൽ ഭാഷാ വികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടികളുടെ ശേഷികൾ വികസിപ്പിക്കുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾക്കുപുറമെ കുട്ടികളെ വിശ്വ സാമൂഹിക ജീവിയാക്കിത്തീർക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ഓരോ കുട്ടിയുടെയും മികച്ച മാനസിക-ശാരീരിക ആരോഗ്യം വികാസം കൂടി കണക്കിലെടുത്ത് ഒരു നല്ല വിദ്യാലയ അന്തരീക്ഷം കുട്ടികൾക്കു സമ്മാനിക്കുന്നതിനായി ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 എല്ലാവർക്കുമായി സമർപ്പിച്ചുകൊള്ളുന്നു.